ഹോസ്റ്റൽ, അദ്ധ്യാപികമാരുടെ ക്വാർട്ടേഴ്സ് ടെൻഡർ നടപടികൾ നടന്നുവരുന്നു. 160 കോടി രൂപ ചെലവിൽ നാലാംഘട്ട വികസനത്തിനായി KIIFB-വഴി ഫണ്ട് ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക ബഡ്ജറ്റിൽ 4.85 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സി.സി.പി. (ഹോമിയോ) കോഴ്സ്**

275 (5000) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.സി.പി. (ഹോമിയോ) കോഴ്സ് ഡിപ്ലോമ/ഡിഗ്രി കോഴ്സായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കോവിഡ് ചികിത്സയിൽ ഹോമിയോപ്പതിക്ക് അംഗീകാരം**

276 (5001) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2 കോടതി ഉത്തരവുകൾ നിലവിലുണ്ട്.

1. സിവിൽ അപ്പീൽ നമ്പർ 4049/2020 കേസിന്മേൽ 15-12-2020-ലെ വിധി.
2. WP(C) No.11555/2021 കേസിന്മേൽ 2-6-2021-ലെ വിധി.

(ബി) കോവിഡ് ചികിത്സയിൽ സംസ്ഥാനത്ത് ഹോമിയോപ്പതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ?

കോവിഡ്-19-ന് ഹോമിയോപ്പതി വിധിപ്രകാരമുള്ള ചികിത്സയ്ക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം നടത്തുന്നതിനുള്ള അനുവാദം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ ഇപ്പോഴും വിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ സ്വകാര്യ ഹോമിയോ ഡോക്ടർമാർ കോവിഡ് ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഹോമിയോപ്പതി വകുപ്പിൽനിന്നും കോവിഡുമായി ബന്ധപ്പെട്ടും അല്ലാതെയും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമാകുന്നുണ്ടോ; എങ്കിൽ അവ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ**

277 (5002) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ഏകീകൃത സ്റ്റാഫ് പാറ്റേൺ ഇപ്പോൾ നിലവിലില്ല. ഓരോ സ്ഥാപനങ്ങളും കാലാകാലങ്ങളിൽ അനുവദിക്കുമ്പോൾ അതോടൊപ്പം അനുവദിക്കുന്ന സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. അതുപ്രകാരം ഹോമിയോപ്പതി ഡിസ്പെൻസറികളിൽ 5 വ്യത്യസ്തമായ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ നിലവിലുള്ളത്.

| ക്രമ നമ്പർ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-അറ്റൻഡർ-പി.റ്റി.എസ്. |
| 2 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഡിസ്പെൻസർ-വാച്ചർ കം സ്വീപ്പർ/ സ്വീപ്പർ-കം-പ്യൂൺ |
| 3 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-ഓഫീസ് അറ്റൻഡന്റ്-പി.റ്റി.എസ്. |
| 4 | മെഡിക്കൽ ഓഫീസർ |
| 5 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-സ്വീപ്പർ-കം-പ്യൂൺ |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.